**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3070

18/06/2019- ൽ
മറുപടിയ്ക്ക്

**പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി**

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് വകുപ്പുകൾക്ക കീഴിലുള്ളതും അവയുടെ വികസനത്തിന് ആവശ്യമില്ലാത്തതുമായ പുറമ്പോക്കുകളിൽ താമസിച്ചുവരുന്നവർക്ക് എൻ.ഒ.സി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എ) & (ബി) തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന പുറമ്പോക്ക് ഭൂമികളിൽ വീട് വച്ച് താമസിച്ചുവരുന്ന അർഹരായ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന നടപടികളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനായി ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച ശേഷം ഓരോ ഭൂമിയും ഏത് തരം പുറമ്പോക്ക് ആണെന്ന് വ്യക്തത വരുത്തുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ള ജലസ്രോതസ്സുകളിൽപ്പെട്ട പുറമ്പോക്ക് ഭൂമികൾ, നഗരസഭാപരിധിയിൽ വരുന്ന കന്നുകാലിമേച്ചിൽ പുറമ്പോക്ക് ശ്മശാനം വണ്ടിത്താവളം എന്നീ ഭൂമികളും ഒഴിവാക്കിക്കൊണ്ടുള്ള പട്ടിക സമർപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ടതിനെ തുടർന്ന് ആയത് സമർപ്പിക്കുവാൻ അതാത് തഹസിൽദാർമാരോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്ന ഭൂമികൾക്ക് എൻ.ഒ.സി ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

| | |
|---|---|
| (സി) സംയുക്ത പരിശോധന നടത്തി അനുമതി ലഭിച്ചിട്ടുള്ളതും വനം വകുപ്പിനു കീഴിലടക്കമുള്ളതുമായ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നല്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) 01.01.1977 നു മുമ്പ് കയ്യേറിയ വനഭൂമി സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭ്യമായ 7375 അപേക്ഷകളിൽ 4145 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ബാക്കി വരുന്ന അപേക്ഷകളിൽ, മരവില നിശ്ചയിച്ച് അടവാക്കാത്തത്, ആവശ്യരേഖകൾ ഹാജരാക്കാത്തത്, സംയുക്ത പരിശോധന റിപ്പോർട്ട് ഇല്ലാത്തത്, കോടതി വ്യവഹാരത്തിലുള്ളത്, സർവ്വെ നമ്പർ വ്യത്യാസമുള്ളത് എന്നിവയിൽ തടസ്സങ്ങൾ ഒഴിവാക്കി പട്ടയം അനുവദിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പുളിയിലപ്പാറയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ? | (ഡി) തൃശ്ശൂർ ജില്ല, ചാലക്കുടി താലൂക്ക് പുളിയിലപ്പാറ പ്രദേശത്തെ പെരിങ്ങാൽക്കുത്ത് ജലവൈദ്യുത പദ്ധതിയ്ക്കായി നൽകിയ വനഭൂമി കയ്യേറിയവരിൽ 32 പേർ ആണ് 01.01.1977 ന് മുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നത്. അതിൽ തന്നെ 4 പേർക്ക് കെ.എസ്.ഇ.ബി നഷ്ടപരിഹാരം നൽകി മാറ്റിപ്പാർപ്പിച്ചിട്ടുള്ളതുമാണ്. ബാക്കി വരുന്ന 28 കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ